LIBRARY ARCHIVES Kerala Legislative Assembly

എൻ.ആർ.എച്ച്.എം. മുഖേന ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

11 (457) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻ.ആർ.എച്ച്.എം. മുഖേന ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന്, വിശദീകരിക്കാമോ ;

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി എൻ. ആർ.എച്ച്. എം. ഫണ്ടിൽ നിന്നും നാളിതുവരെ എത്ര തുക അനുവദിച്ചു ; ഏതെല്ലാം കാര്യങ്ങൾക്ക് എത്ര തുക വീതമാണ് അനുവദിച്ചത് എന്ന് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) എൻ. ആർ. എച്ച്. എം. മുഖാന്തിരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ സി. എച്ച്. സി. അമ്പലപ്പാറയിലെ ഒ. പി. ബ്ലോക്കിന്റെയും കാഷ്യാലിറ്റിയുടെയും പണി പൂർത്തിയാക്കി.

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി എൻ. ആർ.എച്ച്.എം. ഫണ്ടിൽ നിന്നും നാളിതുവരെ അനുവദിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ഇനം	അനുവദിച്ച തുക (രൂപയിൽ)
എച്ച്.എം.എസ്.	13,50,000
ടി.എച്ച്.ക്യു.എച്ച്. (കുട്ടികളുടെ വാർഡ് അപ്ഗ്രഡേഷൻ)	20,00,000
ആകെ	33,50,000

ക്യാൻസർ രോഗ നിർണ്ണയ ക്ളിനിക്കുകളുടെ പ്രവർത്തനം

12 (459) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ രോഗനിർണ്ണയ ക്ലിനിക്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; വിശദമാക്കുമോ ;

(ബി) ക്യാൻസർ രോഗചികിത്സയ്ക്കായി സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ ക്യാൻസർ രോഗികൾക്കും സൗജന്യചികിത്സ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്യാൻസർ രോഗ നിർണ്ണയത്തിനും നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായും ആർ.സി.സി., എം.സി.സി., അമല ക്യാൻസർ സെന്റർ, അമൃത ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കാരക്കോണം മെഡിക്കൽ കോളേജ് പ്രാദേശിക സംഘടനകൾ എന്നിവയുമായി സർക്കാർ പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞു വിശദമായ ചർച്ചകൾക്ക് ശേഷം മാത്രമേ ക്ലിനിക്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളു.

(ബി) 18 വയസ്സിനു താഴെയുള്ള കുട്ടികൾക്കായി സാമൂഹ്യസുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിലുള്ള ക്യാൻസർ സുരക്ഷാ പദ്ധതി, രാഷ്ട്രീയ ആരോഗ്യനിധി, നിർദ്ധനരോഗികൾക്ക് പ്രതിമാസം 300 രൂപ പെൻഷൻ, " Medical Assistance to the poor "എന്ന പദ്ധതിപ്രകാരം ആരോഗ്യ വകുപ്പിൽ നിന്നുള്ള ധനസഹായം, പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം, പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ക്യാൻസർ രോഗികൾക്ക് കൺസഷൻ നിരക്കിൽ റെയിൽവേയാത്ര, സർക്കാർ ജീവനക്കാർക്ക് ക്യാൻസർ ചികിത്സക്കായി പലിശ രഹിത വായ്പ എന്നിവയും അനുവദിക്കുന്നുണ്ട്. പുതുതായി ആവിഷ്ക്കരിച്ച "താലോലം" പദ്ധതിയിലൂടെ 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് പൂർണ്ണമായ സൗജന്യ ചികിത്സ നൽകി വരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ക്യാൻസർ രോഗികളായ കുട്ടികളുടെ ചികിത്സാചെലവ്

13 (460) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ രോഗചികിത്സക്ക് വർദ്ധിച്ച ചികിത്സാചെലവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്യാൻസർ രോഗികളായ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ചികിത്സയ്ക്ക് എത്ര രൂപയാണ് സർക്കാർ സൗജന്യമായി നൽകിവരുന്നതെന്നും, ഏതൊക്കെ ആശുപത്രി മുഖാന്തിരമുള്ള ചികിത്സയിലാണ് പ്രസ്തുത തുക അനുവദിക്കുന്നതെന്നും വിശദീകരിക്കുമോ ;

(സി) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലും, മലബാർ ക്യാൻസർ സെന്ററിലും ചികിത്സയ്ക്ക് എത്തുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ചികിത്സാചെലവ് പൂർണ്ണമായും സൗജന്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.